# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നമ്മൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 4/1622/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/11/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കുന്നമ്മൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 4/1622/2023 തീയ്യതി: 20/11/2023

# കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 11-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 12-10-2023 | 20-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-10-2023 | 20-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
രാജീവൻ എൻ , സീനിയർ ഗ്രേഡ് ഓഡിറ്റർ,
ജാസിർ സി.എം,സീനിയർ ഗ്രേഡ് ഓഡിറ്റർ,
വിനിത ടി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റീത്ത വി.കെ | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ. രാജീവൻ വി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 05-10-2022 |
| ശ്രീമതി. രാജശ്രീ സി.എച്ച് | സെക്രട്ടറി | 06-10-2022 | 05-12-2022 |
| ശ്രീ. വിനോദ്കുമാർ കെ.പി | സെക്രട്ടറി | 07-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജീവൻ വി.പി | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി ക്ലാര വി.ജെ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 31-10-2022 |
| ശ്രീമതി ഷരീഫ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-11-2022 | 04-01-2023 |
| ശ്രീമതി ഗീത ഇല്ലത്ത് | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 05-01-2023 | 31-03-2023 |
| ശ്രീമതി ആർദ്ര എസ്.രഘുനാഥ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. സുവീഷ് | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി അർച്ചന എസ്.രാജ് | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി. സിന്ധു പി.എസ് | മെഡിക്കൽഓഫീസർ,സി.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീമതി ജീജ വി.പി | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ.അഭയദേവ് കെ. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.മുസ്തഫ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രകാശൻ കെ | ഹെഡ്മാസ്റ്റർ | 01-04-2022 | 12-10-2022 |

| | | | |
|---|---|---|---|
| ശ്രീമതി. റംല സി.എച്ച് | ഹെഡ്മിസ്ട്രസ് | 13-10-2022 | 31-03-2023 |
| ശ്രീ. മഹേഷ് കെ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ  പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ്-ഫ്ലോ പത്രിക-പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | ഇ-ടെണ്ടർ ഫീ ഉൾപ്പെടുത്തിയില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 11 | ക്യാഷ് പരിശോധന | 1-7 |
| 12 | ടാക്സ് ഓഡിറ്റ് | 1-8 |
| 13 | ക്ഷേമ പദ്ധതികൾ | 1-9 |
| 14 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകിയതിലെ അപാകതകൾ | 1-10 |
| 15 | ആസൂത്രണ നിർവ്വഹണ ചെലവുകൾ - പ്രിന്റിംഗ് പ്രവൃത്തികൾക്ക് അമിത നിരക്ക് | 1-11 |
| 16 | ഗ്രന്ഥശാലകൾക്ക് പൊതു ടോയ് ലറ്റ് നിർമ്മാണം അപാകതകൾ | 1-12 |
| 17 | ബഡ്സ് സ്കൂളിന് ലഭിച്ച തുക വിനിയോഗിക്കാത്തത് സംബന്ധിച്ച് | 1-13 |
| 18 | സി.എച്ച്.സി. ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച | 1-14 |
| 19 | പഞ്ചായത്തിലെ രണ്ട് ടേക്ക് എ ബ്രേക്കുകളും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല | 1-15 |
| 20 | തൊഴിൽ സംരംഭങ്ങൾക്ക് ഊന്നൽ നൽകി പദ്ധതി രൂപീകരിക്കുന്നതിൽ വീഴ്ച | 1-16 |
| 21 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൾ മുഴുവൻ മരുന്നുകളും ലഭ്യമായില്ല. | 1-17 |
| 22 | ഫിഷറീസ് / വനിതാ മേഖലകളിൽ പദ്ധതി നടപ്പാക്കിയില്ല | 1-18 |
| 23 | യൂസർ ഫീ പിരിച്ചെടുക്കുന്നതിലെ വീഴ്ച കാരണം മാലിന്യം കയറ്റിയയയ്ക്കുന്നതിന് പഞ്ചായത്ത് ഫണ്ട് ചെലവഴിക്കേണ്ടി വരുന്നു | 1-19 |
| 24 | റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് വിശദാംശങ്ങൾ ലഭ്യമല്ല | 1-20 |
| 25 | വാട്ടർടാങ്ക് വിതരണം(എസ്സ്.സി)-പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ | 1-21 |

| | | |
|---|---|---|
| 26 | പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളിലെ അപാകതകൾ | 1-22 |
| 27 | പാടശേഖരസമിതിക്ക് പമ്പ്സെറ്റ് വിതരണം ചെയ്തതിലെ അപാകതകൾ | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പാടശേഖരസമിതിക്ക് പമ്പ്സെറ്റ് വിതരണം ചെയ്തതിലെ അപാകതകൾ | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 26.06.2023 തിയ്യതിയിലെ 3/1 തീരുമാന പ്രകാരം തയ്യാറാക്കി 27.06.23 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഉദാ-റേഷ്യോസ്

### 1-1-2 ക്യാഷ്-ഫ്ലോ പത്രിക-പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിനോടൊന്നിച്ച് സമർപ്പിച്ച ക്യാഷ്-ഫ്ലോ പത്രികയിലെ ആകെ ക്യാഷ്-ഫ്ലോയും

അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ആകെ ക്യാഷ് ഫ്ലോ – 2762287

ക്യാഷ് ഫ്ലോ-മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം-2796827

1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

അക്രുവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

ഉദാ-വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി വരുത്തുന്നില്ല.

1-1-4 ഇ-ടെണ്ടർ ഫീ ഉൾപ്പെടുത്തിയില്ല

ഇ-ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട തുക നിലവിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് വരവ് വെക്കുന്നത്. ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള വിഹിതം ഡിമാന്റ് ചെയ്ത് ആയത് ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-15 ൽ ലഭിക്കാനുള്ള തുകയായി ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 25.03.2022 തീയതിയിലെ 3/1 തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 28.02.2023 തീയതിയിലെ 2(1)/2023 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9531126 |
| വരവ് | 34358284 |
| ആകെ | 43889410 |
| ചെലവ് | 31561457 |
| നീക്കിയിരിപ്പ് | 12327953 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12161000 | 12161000 | 12108861 | 52139 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 866000 | 866000 | 866000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6865000 | 6865000 | 6566869 | 298131 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4570000 | 4570000 | 3631075 | 938925 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് (Tied) | PFMS | 1447500 | 2999000 | 4446500 | 4244009 | 202491 |
| | TREASURY | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺ- ടൈഡ് (Untied) | PFMS | 926734 | 2082133 | 3008867 | 281341 | 2727526 |
| | TREASURY | 0 | 439 | 439 | 354 | 85 |

## 1-5 പദ്ധതി അവലോകനം

തൻവർഷം 139 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 117 പ്രൊജക്ടുകൾ നടപ്പിലാക്കി. 12.47 കോടി രൂപ വകയിരുത്തിയതിൽ 3.78 കോടി രൂപയാണ് ചെലവഴിച്ചത്. കാർഷിക മേഖലയിൽ 10.97 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത്. ആകെ പദ്ധതി ചെലവിന്റെ 2.9% മാത്രമാണ് കാർഷിക

മേഖലയിലെ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ചത്. മൃഗസംരക്ഷണ മേഖലയിലെ പദ്ധതി ചെലവ് ആകെ ചെലവഴിച്ച തുകയുടെ 5.24 % മാത്രമാണ്. വികസനഫണ്ട് പൊതു വിഭാഗം ഫണ്ടിൽ ലഭിച്ച തുകയുടെ 99.57 % ചെലവഴിച്ചിട്ടുണ്ട്. എസ്.സി.പി.ഫണ്ട് 100% ചെലവഴിച്ചിട്ടുണ്ട്. റോഡ് മെയിന്റനൻസ് ഗ്രാന്റിൽ 95.66 ശതമാനവും നോൺറോഡ് മെയിന്റനൻസ് ഗ്രാന്റിൽ 79.45 ശതമാനവുമാണ് ചെലവ്. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിന്റെ ജനസംഖ്യ വിവരങ്ങൾ, പശ്ചാത്തല സൗകര്യങ്ങൾ, ജൈവവൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങളില്ല. ഫിഷറീസ് മേഖലയിൽ പദ്ധതികൾ നടപ്പാക്കിയിട്ടില്ല. തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീരവികസനം, വ്യവസായം എന്നീ മേഖലകളിലെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുകയെന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതുലക്ഷ്യമാണ്. ഇതിനായി കാർഷിക, മൃഗസംരക്ഷണ മത്സ്യ, ക്ഷീര മേഖലകളിലെ വിവിധ വിളകളുടെയും മറ്റ് സംരംഭങ്ങളുടെയും വിസ്തൃതിയും ഉൽപ്പാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കാനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വിജയിച്ചിട്ടില്ല.

## 1-6 ആഭ്യന്തരനിയന്ത്രണം

ജീവനക്കാരുടെ ജോലിവിഭജനരേഖ വിശദമായി തയ്യാറാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഐ.എൽ.ജി.എം.എസ് റിപ്പോർട്ട് പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെൻഡിംഗ് ഫയലുകൾ നിലവിലില്ല. സ്റ്റാഫ് മീറ്റിംഗ് മിനട്ട്സ് പരിശോധിച്ചതിൽ പ്രതിമാസം യോഗങ്ങൾ ചേരുന്നതായും ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുന്നതായും കാണുന്നുണ്ട്. സ.ഉ (കൈ) നമ്പർ 84/2022 തസ്വഭവ തിയ്യതി 19.04.22 ഖണ്ഡിക 5-1 ൽ നിർദ്ദേശിച്ച പ്രകാരമുള്ള തനതുഫണ്ട് വിഭവസമാഹരണം നടത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് പൂർത്തിയാക്കിയിട്ടില്ല. അനധികൃത കെട്ടിടങ്ങൾ കണ്ടെത്തി നിയമാനുസൃതമാക്കുന്നതിനുള്ള നടപടികളും പൂർത്തിയാക്കിയിട്ടില്ല. തൻവർഷം തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ 55 സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. തെരുവ് വിളക്ക് രജിസ്റ്റർ അപൂർണ്ണമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ ആകെ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ തെരുവ് വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. പല ഉപകരണങ്ങളുടെയും വിവരങ്ങൾ അപൂർണ്ണമാണ്. ഉപകരണങ്ങൾ ആർജ്ജിച്ച തിയ്യതി, വാറന്റി കാലയളവ് എന്നിവ കൃത്യമായി രേഖപ്പെടുത്താത്ത കേസുകൾ കാണുന്നു. പ്രിന്റിംഗ് പ്രവൃത്തികൾ ഒരു വർഷത്തേക്ക് ക്വട്ടേഷൻ വിളിച്ചാണ് നിർവ്വഹിക്കുന്നതെങ്കിലും ഈയിനത്തിലുള്ള ചെലവുകൾ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ക്വട്ടേഷൻ നിരക്കുകളേക്കാൾ അധികമാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2023 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 116211/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ടാക്സ് ഓഡിറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 200, 203, 204 അനുബന്ധ ചട്ടങ്ങൾ എന്നിവ പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി, സേവന ഉപനികുതി എന്നിവ ഈടാക്കുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. പഞ്ചായത്തുകളുടെ പ്രധാന വരുമാനമാർഗ്ഗങ്ങളാണ് നികുതി വരവുകളായ വസ്തു നികുതി, തൊഴിൽ നികുതി, സേവന ഉപനികുതി, വിനോദ നികുതി എന്നിവ.

പഞ്ചായത്തിന്റെ പ്രധാന വരവിനങ്ങളുടെ പിരിവ് പരിശോധനാ വിധേയമാക്കിയതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

തൊഴിൽ നികുതി

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിലെ തൊഴിൽ നികുതിപിരിവ് പൂർണമല്ല എന്നു കാണുന്നു. പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ ബിസിനസിലോ ഉദ്യോഗത്തിലോ ഏർപ്പെട്ടിരിക്കുന്നവരുടെയും മറ്റെന്തെങ്കിലും ആദായം ലഭിക്കുന്നവരുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.(കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ്-204)

എഫ്.ടി.ഇ &ഒ.എസ് ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചപ്പോൾ ചില സ്ഥാപനങ്ങളിൽ ഒന്നിൽ കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്നതായി കാണുന്നുവെങ്കിലും തൊഴിൽനികുതി രജിസ്റ്റർ പ്രകാരം ഈ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാ:-

| കെട്ടിട നം. | ഉടമ/സ്ഥാപനം | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 9/748, 749, 750, 751, 752 | ഗ്രാന്റ് വെഡ്ഡിംഗ് | 5 |
| 6/583 | ലിനീഷ് ഹോട്ടൽ | 4 |
| 11/309 | പി.ടി.കെ.അസോസിയേറ്റ്സ് | 3 |
| 10/346 A,B,C,D,E | എ.വൺ.ഓട്ടോ ഹബ് | 4 |
| 9/303A | വി.എം. വുഡ് ഇൻഡസ്ട്രീസ് | 3 |
| 10/300C,D | കിംഗ്സ് ബേക്ക്സ് | 3 |

കൂടാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട നം. | ഉടമയുടെ പേര് | സ്ഥാപനം |
|---|---|---|
| 1/11,12 | പോക്കർ | റേഷൻ കട |
| 2/112C1 | പുഷ്പ | റേഷൻ കട |
| 6/200 | വിനു | ന്യൂ മുദ്ര ,ഫോട്ടോസ്റ്റാറ്റ് |
| 6/230 | സത്യൻ ടി.പി. | ടീ ഷോപ്പ് & കൂൾബാർ |

വസ്തു നികുതി

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി ഈടാക്കുന്ന കെട്ടിടങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു.

| | |
|---|---|
| പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ | 5858 |

| | |
|---|---|
| പാർപ്പിടേതരാവശ്യത്തിനുള്ള കെട്ടിടങ്ങൾ | 2706 |
| മൊബൈൽ ടവറുകൾ | 11 |

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളാക്കി തിരിച്ചിട്ടുണ്ട്. ദ്വിതീയ മേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കിൽ പത്തുശതമാനവും തൃതീയ മേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കിൽ ഇരുപത് ശതമാനവും ഇളവ് നൽകി വരുന്നു. ഗ്രാമപഞ്ചായത്തിലെ റോഡുകളെ വീതിയുടെ അടിസ്ഥാനത്തിൽ അഞ്ചു മീറ്ററിൽ കൂടുതൽ ഉള്ളവ, ഒന്നര മീറ്ററിനും അഞ്ചു മീറ്ററിനും ഇടയിലുള്ളവ ഒന്നര മീറ്ററിൽ താഴെ ഉള്ളവ എന്നിങ്ങനെ തരം തിരിക്കുകയും കെട്ടിടങ്ങളുടെ സമീപത്തുള്ള റോഡിനനുസരിച്ച് വസ്തുനികുതിയിൽ വർദ്ധനവ്/ഇളവ് നൽകി വരികയും ചെയ്യുന്നു. എന്നാൽ വസ്തുനികുതി നിർണ്ണയത്തിലുള്ള അപാകതകൾ നികുതി വരവ് കുറയുന്നതിന് ഇടയാക്കുന്നു. ഉദാ-തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ, ചട്ടം 6 പട്ടിക 6 പ്രകാരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് മറ്റ് വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച 250 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള) വസ്തുനികുതിയിൽ 15% വർദ്ധനവ് വരുത്താവുന്നതാണ്. താഴെ കൊടുത്തിരിക്കുന്ന കെട്ടിടത്തിന്റെ തറനിർമ്മിതിയുടെ തരം, മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് മറ്റ് വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ചവ എന്ന ഗണത്തിൽ പെടുന്നതാണെന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് ബാധകമാക്കി നികുതി നിർണ്ണയിച്ചിട്ടില്ല.

| കെട്ടിട നം. | വസ്തു നികുതി നിരക്ക് | അടി സ്ഥാന വസ്തു നികുതി | ബാധക മാക്കിയ ഇളവ്/ വർദ്ധനവ് | സഞ്ചയ പ്രകാരം നിർണ്ണ യിച്ചത് (കെട്ടിട ങ്ങളുടെ സഞ്ചയ പ്രകാര മുള്ള വസ്തു നികുതി യുടെ തുക) | യഥാർ ത്ഥത്തി ലുള്ള ഇളവ്/ വർദ്ധനവ് | വസ്തു നികുതി ഈടാ ക്കേണ്ടത് | വ്യത്യാ സം |
|---|---|---|---|---|---|---|---|
| 7/ 206A-F വിസ്തീ ർണ്ണം 139.44 ച.മീ. (തറനില) | 70 | 9760.8 | വർദ്ധനവ് വഴി സൗകര്യം-20%, | 11712 L.C-588 | വർദ്ധനവ് വഴി സൗകര്യം-20%, തറ നിർമ്മിതി-15% | 13178 L.C-658 | 1466 L.C-70 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7/206 G-M<br>വിസ്തീർണ്ണം-183.84<br>(ഒന്നാം നില) | 70 | 12868.8 | വർദ്ധനവ് വഴി സൗകര്യം-20%,<br>ഇളവ് 5%-ഒന്നാം നില | 15414<br>L.C-774 | വർദ്ധനവ് വഴി സൗകര്യം-20%,<br>തറ നിർമ്മിതി-15%<br>ഇളവ് 5% | 16505<br>L.c-825 | 1091<br>L.C-51 |

കെട്ടിടസർവേ

28.06.2022 ലെ ഭരണസമിതിയുടെ 10/1 നം.തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിന്റെ വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണതോതിൽ സമാഹരിക്കുന്നതിന്റെ ഭാഗമായി നികുതി നികുതിയേതര വരവുകൾ പൂർണമായി നിർണയിക്കുന്നതിനും അവ പൂർണമായും പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. വസ്തുനികുതിയിനത്തിൽ വർദ്ധനവ് വരുത്തുന്നതിനായി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയിക്കപ്പെട്ടതിനുശേഷം അവയുടെ തറവിസ്തീർണത്തിലും ഉപയോഗ ക്രമത്തിലും മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കുന്നതിനും നിയമാനുസൃതമല്ലാതെ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളെ കണ്ടെത്തി പ്രത്യേക നമ്പർ നല്കി വസ്തുനികുതി ഈടാക്കുന്നതിനും തീരുമാനിക്കുകയും ചെയ്തു. 13.12.2022 ലെ 2/1 നം.തീരുമാനപ്രകാരം കെട്ടിടങ്ങളുടെ പരിശോധന നടത്തുന്നതിനായി സിവിൽ എഞ്ചിനീയറിംഗ്/ഡിപ്ലോമ ഐ.ടി.ഐ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് തീരുമാനിച്ചു. ഇതിനായി തനത്ഫണ്ട് ഉപയോഗിച്ച് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തു.(പ്രോജക്ട് നം.137/23). കെട്ടിട സർവ്വെ പൂർത്തിയായിട്ടുണ്ടെങ്കിലും ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല.

<u>വസ്തുനികുതി പിരിവ് പുരോഗതി-ധനകാര്യ സ്ററാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ</u>

പഞ്ചായത്തിലെ നികുതി പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിരന്തരം നിരീക്ഷിക്കുകയും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ശുപാർശ ചെയ്യുകയും ചെയ്യുന്നുണ്ട്.

നികുതി കളക്ഷൻ ഊർജ്ജിതപ്പെടുത്തുന്നതിനായി ക്യാമ്പ് കളക്ഷൻ സംഘടിപ്പിച്ചിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണം

വസ്തുനികുതി പരിഷ്കരണം 2023-24 ന്റെ പുതിയ നിരക്ക് 26.062023 തിയ്യതിയിലെ പഞ്ചായത്ത് ഭരണസമിതിയുടെ മീറ്റിംഗിലെ 2/1 നം. തീരുമാന പ്രകാരം അന്തിമമായി നിശ്ചയിച്ച് പ്രസിദ്ധീകരിച്ചു. 26.06.2023 ലെ പഞ്ചായത്ത് ഭരണസമിതിയുടെ മീറ്റിംഗിലെ 2/2,2/3 നം. തീരുമാന പ്രകാരം മേഖലകൾ, റോഡുകൾ എന്നിവയുടെ വിവരം അന്തിമമായി നിശ്ചയിച്ചു. 2023-24 വർഷത്തെ പുതിയ അപേക്ഷകളിന്മേൽ പുതിയ നികുതി നിരക്ക് ഈടാക്കി തുടങ്ങിയിട്ടുണ്ട്.

സേവന ഉപനികുതി

കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്റ്റിലെ 207-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ

സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ പഞ്ചായത്തിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കുന്നില്ല.

വിനോദനികുതി

പഞ്ചായത്ത് പരിധിയിൽ നിലവിൽ 2 സിനിമാതിയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. 2022-23 വർഷത്തെ വിനോദനികുതിയിനത്തിലുള്ള വരവ് 1138991 രൂപയാണ്.

പഞ്ചായത്തിലെ വിനോദനികുതി ഈടാക്കിയതിന്റെ രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

31.08.2019 ലെ സ.ഉ.(കൈ) നം.112/2019/ത.സ്വ.ഭ.വ. പ്രകാരമാണ് സിനിമാ തിയേറ്ററുകളിൽ നിന്ന് വിനോദനികുതി ഈടാക്കേണ്ടത്. 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദ നികുതിയും ഈടാക്കേണ്ടതാണ്. ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ പിരിച്ച നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്.

അജന്താ സിനിമാസ് എന്ന സ്ഥാപനം യഥാസമയം പഞ്ചായത്തിൽ നികുതി അടവാക്കുന്നില്ല. സ്ഥാപനം വിനോദനികുതി അടവാക്കിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനം | മാസം | തുക | നികുതി അടവാക്കിയ തീയതി/ |
|---|---|---|---|
| അജന്താ സിനിമാസ് (2022-23) | 2022 ഏപ്രിൽ | 19936.4 | 19.01.23, 1220105095 |
| | 2022മെയ് | 30003.6 | 19.01.23, 1220105095 |
| | 2022ജൂൺ | 5174 | 19.01.23, 1220105095 |
| | 2022ജൂലൈ | 25124 | 23.01.23, 1220105174 |
| | 2022ആഗസ്റ്റ് | 9847 | 07.02.23, 1220105604 |
| | 2022സെപ്തംബർ | 14291 | 14.02.23, 1220105853 |
| | 2022ഒക്ടോബർ | 11524 | 08.03.23, 1220106926 |
| | 2022നവംബർ | 22826 | 15.03.23, 1220107402 |
| | 2022ഡിസംബർ | 8671 | 24.03.23, 1220107793 |
| | 2023ജനവരി | 69140 | 30.03.23, 1220108118 |
| | 2023ഫെബ്രുവരി | 34756 | 31.03.23, 1220108161 |
| | 2023 മാർച്ച് | 4680 | 05.06.23, 1230100355 |
| 2023-24 | 2023 ഏപ്രിൽ | 7917 | 03.08.23,1230100845 |
| | 2023 മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് , സെപ്തംബർ | | ഓഡിറ്റ് തീയതി വരെ (17.10.23 വരെ) അടവാക്കിയിട്ടില്ല |

ഇ-പേയ്മെന്റ് -വരവുകൾ

പഞ്ചായത്തിലെ ഓൺലൈൻ വഴി സ്വീകരിക്കുന്ന നികുതി എസ്.ബി.ഐ കക്കട്ടിൽ അക്കൗണ്ട് നം 67142351620 ലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്.

മറ്റ് വരവുകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യത ഉണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. എന്നാൽ പഞ്ചായത്തിലെ ട്രേഡേഴ്സ് രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് | വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം | ലൈസൻസ് എടുത്തവയുടെ എണ്ണം | ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്ന ആകെ കെട്ടിടങ്ങളുടെ എണ്ണം | ഒഴിഞ്ഞു കിടക്കുന്നവ | ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നവ |
|---|---|---|---|---|---|
| 1 | 42 | 11 | 17 | 21 | 2 |
| 2 | 52 | 21 | 26 | 23 | 3 |
| 3 | 11 | 6 | 8 | 3 | 0 |
| 4 | 20 | 8 | 12 | 6 | 2 |
| 5 | 168 | 56 | 102 | 61 | 3 |
| 6 | 368 | 139 | 200 | 139 | 8 |
| 7 | 244 | 109 | 158 | 63 | 5 |
| 8 | 22 | 9 | 12 | 9 | 1 |
| 9 | 617 | 208 | 370 | 222 | 9 |
| 10 | 151 | 54 | 94 | 55 | 2 |
| 11 | 804 | 279 | 442 | 317 | 15 |
| 12 | 31 | 10 | 14 | 13 | 4 |
| 13 | 20 | 11 | 16 | 3 | 1 |

| | | | | | |
|---|---|---|---|---|---|
| ആകെ | 2550 | 921 | 1471 | 935 | 55 |

ലൈസൻസ് എടുക്കുന്ന വ്യാപാരസ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതിയാണ് പഞ്ചായത്തിൽ നിലവിലുള്ളത് എന്നതിനാൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ലൈസൻസ് ഫീ ഇനത്തിലും തൊഴിൽനികുതിയിനത്തിലും വരുമാന നഷ്ടം ഉണ്ടാകുന്നതിന് ഇടയാക്കുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. അനധികൃത നിർമ്മാണങ്ങൾ, വിസ്തീർണത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, എന്നിവയുടെ നികുതി പുനർനിർണയിക്കുന്നതിനുമുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിച്ച് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിലുള്ള അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം-21 പ്രകാരം, ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള കെട്ടിടങ്ങൾ ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണ്. അത്തരം പരിശോധനയിൽ തറ നിർമ്മിതിയിൽ വരുത്തിയ മാറ്റങ്ങൾ, കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനം ഏർപ്പെടുത്തൽ എന്നിവ കണ്ടെത്താവുന്നതും അതിന്റെ അടിസ്ഥാനത്തിൽ നികുതി പുനർ നിർണ്ണയിക്കുകയും ചെയ്യാവുന്നതാണ്.

4.പഞ്ചായത്ത് പരിധിയിലുള്ള ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെക്കൊണ്ടും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ/ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. പഞ്ചായത്ത് നൽകി വരുന്ന സേവനങ്ങൾക്കനുസരിച്ച് കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങള് ചട്ടം 27 ൽ പറഞ്ഞ നിരക്കിൽ സേവന ഉപനികതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

7.വിനോദനികുതി യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-9 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6519600 | 598 |
| വിധവാപെൻഷൻ | 8599800 | 794 |
| വാർദ്ധക്യകാലപെൻഷൻ | 11565800 | 1151 |
| വികലാംഗപെൻഷൻ | 2408700 | 220 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 617600 | 57 |

## 1-10 ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകിയതിലെ അപാകതകൾ

പ്രൊജക്റ്റ് നമ്പർ - 79/22-23

അടങ്കൽ - 500000

ചെലവ് - 173704

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

സ.ഉ.(കൈ) നം.115/2022/തസ്വഭവ തിയ്യതി 28.05.22 സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6-3 (16) പ്രകാരം ക്ഷീരസഹകരണ സംഘങ്ങൾ മുഖേന പൊതു വിഭാഗത്തിലെ ക്ഷീരകർഷകർക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകാവുന്നതാണ്. കുന്നമ്മൽ ഗ്രാമപഞ്ചായത്തിലെ വട്ടോളി, നരിക്കാട്ടേരി, മീത്തൽ വയൽ എന്നീ ക്ഷീരസഹകരണസംഘങ്ങൾക്ക് വികസനഫണ്ടിൽ നിന്ന് തൻവർഷം 173704 രൂപ ഈയിനത്തിൽ സബ്സിഡി നൽകിയിട്ടുണ്ട്.

മീത്തൽ വയൽ ക്ഷീരസഹകരണ സംഘം മുഖേന ഹാജരാക്കിയ കാലിത്തീറ്റയുടെ ബിൽ (സംഘം കർഷകർക്ക് നൽകിയതിന്റെ) പരിശോധിച്ചതിൽ, ബില്ലിൽ മെഷീൻ നമ്പറോ സംഘത്തിന്റെ സീലോ ഇല്ല എന്ന കാണുന്നു. വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്ഷീരസഹകരണ സംഘത്തിന്റെ പേര് | സബ്സിഡി ലഭിച്ച കർഷകരുടെ എണ്ണം | ചെലവഴിച്ച തുക | സാംക്ഷൻ ഓർഡർ |
|---|---|---|---|
| മീത്തൽവയൽ ക്ഷീരസഹകരണ സംഘം | 28 | 33245 | 86/21.11.22 |
| - ടി - | 27 | 39350 | 152/20.01.23 |

മെഷീൻ നമ്പർ, സംഘത്തിന്റെ സീൽ എന്നിവ പതിപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ മാത്രമേ കർഷകർക്ക് കാലിത്തീറ്റയ്ക്കുള്ള സബ്സിഡി അനുവദിക്കാൻ പാടുള്ളൂ. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. 72595/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-11 ആസൂത്രണ നിർവ്വഹണ ചെലവുകൾ - പ്രിന്റിംഗ് പ്രവൃത്തികൾക്ക് അമിത നിരക്ക്

പ്രൊജക്റ്റ് നമ്പർ - 59/22-23

നിർവ്വഹണം - സെക്രട്ടറി

പദ്ധതി ആസൂത്രണ നിർവ്വഹണ ചെലവുകൾക്ക് തനതുഫണ്ടിൽ നിന്ന് 228198/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രിന്റിംഗ് ജോലികൾ നിർവ്വഹിക്കുന്നതിന് അജീഷ് ഇ, പാലറ്റ് ഓഫ്സെറ്റ് പ്രസ് കക്കട്ടിൽ എന്ന സ്ഥാപനത്തെ ക്വട്ടേഷൻ മുഖേന 11.05.2022 ലെ 1/3 തീരുമാനപ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. ബുക്കുകൾ പ്രിന്റ് ചെയ്യുന്നതിന് ക്വട്ടേഷനിൽ പ്രത്യേകമായി നിരക്ക് രേഖപ്പെടുത്തിയിട്ടില്ല. അംഗീകരിച്ച ക്വട്ടേഷൻ പ്രകാരം മേൽ സ്ഥാപനത്തിന്റെ ക്വട്ടേഷൻ നിരക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

| തരം | അളവ് | നിരക്ക് (രൂപ) |
|---|---|---|
| A4സൈസ് സിംഗിൾ കളർ | 1000കോപ്പി | 800 |

| | | |
|---|---|---|
| A3 സൈസ് സിംഗിൾ കളർ | 1000കോപ്പി | 1500 |
| A4 ലീഗൽ സൈസ് സിംഗിൾ കളർ | 1000കോപ്പി | 900 |
| A5 സൈസ് സിംഗിൾ കളർ | 1000കോപ്പി | 500 |
| മൾട്ടിവർക്ക് | ക്വാണ്ടിറ്റി അനുസരിച്ച് | |

എന്നാൽ വിവിധ പ്രിന്റിംഗ് ജോലികൾക്ക്, സ്ഥാപനത്തിന് നൽകിയ തുകയുടെ ബില്ല്, വൗച്ചർ (സാംക്ഷൻ ഓർഡർ നമ്പർ - 71/01.11.22) എന്നിവ പരിശോധിച്ചതിൽ സ്ഥാപനം ഈടാക്കിയ തുക, അംഗീകൃത ക്വട്ടേഷനിലെ നിരക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | വിശദവിവരം | എണ്ണം (QTY) | തുക |
|---|---|---|---|
| 1 | സ്റ്റാറ്റസ് റിപ്പോർട്ട്<br>A4 സൈസ് Black & White,<br>(2പേജ് മൾട്ടി കളർ) | 112 പേജുകളുള്ള 4 ബുക്ക് | 7520 |
| 2 | വികസന രേഖ<br>A4 സൈസ് Black & White, (2 പേജ് മൾട്ടി കളർ) | 150 പേജുകളുള്ള 10 ബുക്ക് | 14440 |
| 3 | 2022-23 വർഷത്തെ കരട് പദ്ധതിരേഖ<br>A4 സൈസ് Black & White,<br>(1 പേജ് മൾട്ടി കളർ) | 18 പേജുകളുള്ള 75 ബുക്ക് | 11760 |
| 4 | അന്തിമ പദ്ധതി രേഖ,<br>A4 സൈസ് Black & White | 54 പേജുകളുള്ള 45 ബുക്ക് | 10188 |
| 5 | ദുരന്ത നിവാരണം ബുക്ക് ലെറ്റ് | 194 പേജുകളുള്ള 5 ബുക്ക് | 13450 |
| ആകെ | | | 57358 |

മേൽപ്പറഞ്ഞ പ്രിന്റിംഗ് ജോലികൾക്ക് ചെലവഴിച്ച തുക അംഗീകൃത ക്വട്ടേഷൻ നിരക്കുകളേക്കാൾ അധികരിച്ചതിനാൽ 57358/- രൂപയുടെ പ്രിന്റിംഗ് ചെലവുകൾ തടസ്സത്തിൽ വെക്കുന്നു. അപാകതക്ക് മറുപടി നൽകേണ്ടതാണ്.

1-12 ഗ്രന്ഥശാലകൾക്ക് പൊതു ടോയ് ലറ്റ് നിർമ്മാണം അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള രണ്ട് വായനശാലകൾക്ക് പൊതു ശൗചാലയം പണിയുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ദേശീയ ഗ്രന്ഥശാല, വട്ടോളി

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം. | 27/23 |
| അടങ്കൽ | 160000/- |
| ഫണ്ട് | ടി.എസ്.സി |
| ചെലവ് | 140000/- |
| ബിൽനം. തി. | 68/23/18.3.23 |

2.സാമൂഹ്യ വിഹാര കേന്ദ്രം, പാതിരിപ്പറ്റ

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം. | 28/23 |
| അടങ്കൽ | 160000/- |
| ഫണ്ട് | ടി.എസ്.സി |
| ചെലവ് | 140000/- |
| ബിൽ നമ്പർ/ തീയതി | 68/23/29.7.22 |

സ.ഉ (സാധാ)നം. 171/2020/ തസ്വഭവ. തി. 22.11.2020 നമ്പർ ഉത്തരവ് പ്രകാരം ലൈബ്രറിയോട് അനുബന്ധിച്ച് പണിയുന്ന പൊതു ശൗചാലയം പൊതുജനങ്ങൾക്കു കൂടി ഉപയോഗിക്കാൻ അനുവദിച്ചു കൊണ്ട് ലൈബ്രറി കൗൺസിൽ സമ്മതപത്രം നൽകണം, എന്നാൽ ഇത്തരത്തിൽ ഒരു സമ്മതപത്രം ഫയലിൽ ഇല്ല. പദ്ധതിയുടെ യൂണിറ്റ് കോസ്റ്റായ രണ്ട് ലക്ഷം രൂപയിൽ 20000/- രൂപ വീതം സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ വിഹിതമാണ്. രണ്ട് യൂണിറ്റുകൾക്കായി 40000/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതായിരുന്നു. എന്നാൽ ഈ തുക ലഭിച്ചിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി 18.10.2023 ന് ശൗചാലയം

സന്ദർശിക്കുകയുണ്ടായി. ശൗചാലയം അടഞ്ഞ് കിടക്കുന്നതു കാരണം പൊതുജനങ്ങൾക്കു ഇത് ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം10/23/ 20.10.23) മറുപടി നൽകിയിട്ടില്ല. ടോയ്‌ലറ്റ് പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള 40,000/- രൂപ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

## 1-13 ബഡ്സ് സ്കൂളിന് ലഭിച്ച തുക വിനിയോഗിക്കാത്തത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ കൃഷിഭവന് സമീപത്തായി സ്ഥിതി ചെയ്യുന്ന ബഡ്സ് സ്കൂളിൽ നിലവിൽ 48 അന്തേവാസികളാണുള്ളത്. 2018 വർഷം പണി പൂർത്തിയാക്കിയ നിലവിലെ കെട്ടിടത്തിൽ മതിയായ സൗകര്യമില്ല എന്ന് 18.10.2023 ൽ നേരിട്ട് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. സ്ഥാപനത്തിനുള്ള സർക്കാർ ധനസഹായമായി 22.02.2018 ലെ സ.ഉ(എം.എസ്) നം-25/2018/ ത.സ്വ.ഭ.വ പ്രകാരം 1250000/- രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പഠന സാമഗ്രികൾ, ഫർണ്ണിച്ചർ, ടെലിവിഷൻ, പ്രൊജക്ടർ, കമ്പ്യൂട്ടർ, തെറാപ്യൂട്ടിക്ക് ഉപകരണങ്ങൾ, മറ്റ് അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കാമെന്ന് ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. 14.07.2021 ന് ഗ്രാമപഞ്ചായത്തിൽ ലഭ്യമായ മേൽ അടങ്കലായി 2021-22 വർഷം "ബഡ്സ് സ്കൂളിന് അടിസ്ഥാന സൗകര്യം (പ്രോജക്ട് നം-139/21-22)" എന്ന പ്രോജക്ട് വിഭാവനം ചെയ്തെങ്കിലും തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. 2022-23 വർഷം സ്പിൽ ഓവറായി "ബഡ്സ് സ്കൂളിന് അടിസ്ഥാന സൗകര്യം(പ്രോജക്ട് നം- 37/22-23)" എന്ന പ്രോജക്ടിൽ 3266/-രൂപ ഗ്യാസ് കണക്ഷന് വേണ്ടി ചെലവഴിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ധനസഹായം ലഭിച്ച ഗ്രാമപഞ്ചായത്തുകൾ ആദ്യ ഗഡു തുക മുഴുവൻ ചെലവഴിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്ക് രണ്ടാം ഗഡു ധനസഹായമായി 1250000/- രൂപ കൂടി സർക്കാരിൽ നിന്ന് ലഭിക്കുമായിരുന്നു. എന്നാൽ നാളിതുവരെ ഒന്നാംഗഡു തുക മുഴുവൻ വിനിയോഗിച്ചിട്ടില്ല. ഇതിനാൽ സ്ഥാപനത്തിന് ലഭിക്കേണ്ടിയിരുന്ന രണ്ടാംഗഡു ധനസഹായം നഷ്ടമാകുന്ന അവസ്ഥയാണുള്ളത്. ലഭ്യമായ തുക നാളിതുവരെ ചെലവഴിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 സി.എച്ച്.സി. ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച

2010 ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടം 9 (1) പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സി.എച്ച്.സി ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രോഗികളിൽ നിന്ന് വാങ്ങുന്ന ഒ.പി ടിക്കറ്റ് ചാർജ്, വിവിധ ലാബ് ടെസ്റ്റുകൾക്ക് ഈടാക്കുന്ന തുകകൾ, മറ്റ് വരുമാനങ്ങൾ എന്നിങ്ങനെ നിലവിൽ എച്ച്.എം.സിയുടെ വരുമാനം വർധിച്ചിട്ടുണ്ട്. ഇവ കൃത്യമായി പരിശോധിക്കപ്പെടാതെയിരിക്കുന്നത് ശരിയായ നടപടിയല്ല. വാർഷിക കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/23/ 20.10.23) മറുപടി നൽകിയിട്ടില്ല. എച്ച്.എം.സി യുടെ വാർഷിക കണക്കുകൾ ഹാജരാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 പഞ്ചായത്തിലെ രണ്ട് ടേക്ക് എ ബ്രേക്കുകളും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല

സ.ഉ (കൈ) നം.39/2020.തസ്വഭവ.തി.20.02.2020, സ.ഉ (കൈ) നം.45/ 2020 തസ്വഭവ. തി.06.03.2020 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പൊതു ശുചി മുറികളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും നടപ്പിലാക്കുന്നതിന് പാതയോരങ്ങളിൽ സ്ഥിതിചെയ്യുന്ന സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ,

ബസ് സ്റ്റാന്റ്, ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിൽ നിശ്ചിത മാതൃകയിൽ കെട്ടിടങ്ങൾ പണിയാമെന്ന് സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ട് ടേക്ക് എ ബ്രേക്ക് കെട്ടിടങ്ങൾ പണിതിട്ടുണ്ട്. എന്നാൽ ഇവ രണ്ടും പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

ഇതിൽ ആദ്യത്തേത് പണിഞ്ഞിരിക്കുന്നത് വട്ടോളി ടൗണിന് സമീപം സംസ്ഥാന പാതയോരത്തായാണ്. 2020-21 പദ്ധതി വർഷത്തിൽ പ്രൊജക്ട് നമ്പർ 194/21 ആയി 800000/- രൂപയുടെ അടങ്കലിലാണ് പദ്ധതി നടപ്പാക്കിയത്. ഈ കെട്ടിടത്തിലെ ഇലക്ട്രിഫിക്കേഷനായി 2021-22 വർഷത്തിൽ പ്രൊജക്ട് നമ്പർ 151/22 ആയി 79587/- രൂപ ചെലവഴിച്ച് പ്രവൃത്തി നടത്തിയിട്ടുണ്ട്. കെട്ടിടം പണി പൂർത്തിയാക്കി പ്രവർത്തന സജ്ജമായെങ്കിലും ഇത് പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തിട്ടില്ല. ഇത് സംസ്ഥാന പാതയോരത്താണ് സ്ഥിതിചെയ്യുന്നതെങ്കിലും മേൽ ഉത്തരവിൽ സൂചിപ്പിച്ച പൊതു സ്ഥാപനങ്ങളൊന്നും സമീപത്തില്ലാത്തതിനാൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകാത്ത അവസ്ഥയാണുള്ളത്.

ഗ്രാമപഞ്ചായത്തിലെ രണ്ടാമത്തെ ടേക്ക് എ ബ്രേക്ക് കെട്ടിടം സ്ഥിതിചെയ്യുന്നത് മൊകേരി ടൗണിന് സമീപം എഫ്.എച്ച്.സി സബ്സെന്ററിന് അടുത്താണ്. 795900/- രൂപ ചെലവഴിച്ച് ഈ പദ്ധതി സ്പിൽ ഓവറായി 2022-23 ൽ പൂർത്തിയാക്കിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 18.10.2023 ന് ഈ രണ്ട് സ്ഥാപനങ്ങളും സന്ദർശിക്കുകയുണ്ടായി. ഇതിന്റെ മുൻഭാഗത്തെ മുറ്റത്ത് വനിതകൾ ഹോട്ടൽ നടത്തുന്നുണ്ട്. ഹോട്ടലിലെ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നത് ഈ കെട്ടിടത്തിലാണ്. ഹോട്ടലിനകത്താണ് ടേക്ക് എ ബ്രേക്കിലേക്കുള്ള പ്രവേശന കവാടം. ഇതൊരു പൊതു സ്ഥാപനമായി പൊതുജനങ്ങൾക്ക് തോന്നുകയില്ല. ഫലത്തിൽ ഈ കെട്ടിടം ഇപ്പോൾ ഹോട്ടലിന് വേണ്ടി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട് ഇവർ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുക്കാതെയാണ് ഹോട്ടൽ പ്രവർത്തിക്കുന്നത്.

പദ്ധതി വർഷം രണ്ട് ടേക്ക് എ ബ്രേക്കുകൾക്കുമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് നമ്പർ 12/23 എന്ന പദ്ധതിയിലുൾപ്പെടുത്തി കസേര, മേശ, ബെഞ്ച്, ടീപോയി എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ഇതിനായി 32620/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ രണ്ട് ടേക്ക് എ ബ്രേക്കുകളും പൂർണ്ണമായി പ്രവർത്തനസജ്ജമായിട്ടും ഇത് പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/22-23/20.10.23) മറുപടി നൽകിയിട്ടില്ല. പഞ്ചായത്തിലെ രണ്ട് ടേക്ക് എ ബ്രേക്കുകളും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-16 തൊഴിൽ സംരംഭങ്ങൾക്ക് ഊന്നൽ നൽകി പദ്ധതി രൂപീകരിക്കുന്നതിൽ വീഴ്ച

പതിനാലാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ചെറുകിട – പരമ്പരാഗത വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുകയും, അവയിൽ മൂലധന നിക്ഷേപം വർധിപ്പിക്കുകയും ചെയ്യുക എന്നതാണ്. എല്ലാ മേഖലകളിലും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. തൊഴിൽ നൈപുണ്യ പരിശീലനം നൽകുക, സാങ്കേതിക സഹായം നൽകുക, സംരംഭകത്വ വികസനത്തിന് പ്രോൽസാഹനം നൽകുക എന്നിവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.(സ.ഉ.(കൈ) നം.84/22/ തസ്വഭവ. തി.19.04.2022 ഖ 8-4 കാണുക)

സംരംഭകത്വ പദ്ധതികളുടെ സാക്ഷാൽക്കാരത്തിനായി തദ്ദേശീയരായ സംരംഭകരെ പ്രോൽസാഹിപ്പിക്കേണ്ടത് ആവശ്യമാണ്. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ട നൈപുണ്യ വികസന പരിശീലനം വ്യാപകമായി നൽകുന്നതിനുള്ള പ്രൊജക്ടുകൾക്ക് രൂപം നൽകണം. എന്നാൽ പദ്ധതി വർഷം ഇത്തരത്തിലുള്ള ഒരു പദ്ധതി മാത്രമേ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളൂ. ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ പദ്ധതി വർഷം നിരവധി സംരംഭങ്ങൾ നിർദ്ദേശിച്ചതായി കാണുന്നു. എന്നാൽ ഈ മേഖലയിൽ പദ്ധതി വർഷം കാര്യമായ നേട്ടങ്ങൾ കൈവരിക്കാൻ പഞ്ചായത്തിന്

കഴിഞ്ഞിട്ടില്ല. വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/23 /20.10.23) മറുപടി നൽകിയിട്ടില്ല. ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട മേഖലയിൽ സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി അറിയിക്കേണ്ടതാണ്.

1-17 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ മുഴുവൻ മരുന്നുകളും ലഭ്യമായില്ല.

പ്രോജക്ട് നം – 80/22-23

നിർവ്വഹണം – മെഡിക്കൽ ഓഫീസർ-ഹോമിയോ

അടങ്കൽ -100000(മെയിന്റനൻസ് -നോൺ റോഡ്)

ചെലവ്-100000 (ബിൽ റഫറൻസ് നം-22170452007301182793
തിയ്യതി-13-02-2023)

ഓഡിറ്റ് വർഷം ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി 13.02.2023 തിയ്യതിയിൽ 100000 രൂപ ആലപ്പുഴ ഹോംകോയ്ക്ക് (പ്രൊഫോർമ ഇൻവോയ്സ്-PF-848/22-11-2022) കൈമാറിയിട്ടുണ്ട്. ഓഡിറ്റ് തിയ്യതി വരെ 48981/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ശേഷിക്കുന്ന 51019/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

1-18 ഫിഷറീസ് / വനിതാ മേഖലകളിൽ പദ്ധതി നടപ്പാക്കിയില്ല

ഭക്ഷ്യോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച സുഭിക്ഷ കേരളം പദ്ധതിയുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. മേൽ ചുമതല നിറവേറ്റുന്നതിന്റെ ഭാഗമായി ഫിഷറീസ് മേഖലയിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് പ്രകാരമുള്ള 3-ാം പട്ടികയിൽ മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലയിൽ കുളത്തിലെ മത്സ്യസമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മീൻവളർത്തലും സമുദ്രവിഭവ വികസനവും നടപ്പാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ മുൻകാലങ്ങളിലൊന്നും തന്നെ ഈ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല. മേൽ വീഴ്ചകൾ മത്സ്യബന്ധന മേഖലയുടെ വികസനത്തിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്.

സ.ഉ.(കൈ) നം. 84/22/തസ്വഭവ തി.19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 6-3 ൽ പ്രത്യേക വനിതാ ഘടകപദ്ധതി നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ നിർണ്ണായക ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക എന്നതാണ് വനിതാ ഘടകപദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ പദ്ധതി വർഷം ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയതായി കാണുന്നില്ല. മേൽ വിവരിച്ച പദ്ധതികൾ നടപ്പാക്കാത്തതിനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/23/20.10.23) മറുപടി നൽകിയിട്ടില്ല. മേൽ സൂചിപ്പിച്ച മേഖലകളിൽ തുടർ വർഷങ്ങളിൽ പദ്ധതികൾ നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-19 യൂസർ ഫീ പിരിച്ചെടുക്കുന്നതിലെ വീഴ്ച കാരണം മാലിന്യം കയറ്റിയയയ്ക്കുന്നതിന് പഞ്ചായത്ത് ഫണ്ട് ചെലവഴിക്കേണ്ടി വരുന്നു

സ.ഉ (സാധാ) നം. 2420/തസ്വഭവ/തി.15.07.2017 ഉത്തരവ് പ്രകാരം ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേന രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. 13 വാർഡുകളിലായി 26 അംഗങ്ങളാണ് ഇതിൽ പ്രവർത്തിക്കുന്നത്.

കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിച്ച് കയറ്റിയയച്ചു വരുന്നുണ്ട്. പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ശേഖരിച്ച് വേർതിരിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ എം.സി.എഫ് കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. മൂന്നാം വാർഡിലെ പെരുവാണി എന്ന സ്ഥലത്താണ് ഇത് പ്രവർത്തിക്കുന്നത്. ഇവിടെ ഹരിതകർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വാർഡുകളിൽ നിന്ന് മാലിന്യം ഇവിടേക്ക് എത്തിക്കുന്നതിന് വാഹന സൗകര്യം (വാടക) ഏർപ്പെടുത്തിയിട്ടുണ്ട്. വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതിയിലുൾപ്പെടുത്തി യൂണിഫോം, ഗ്ലൗസ്, റെയിൻകോട്ട്, ഗംബൂട്ട് മറ്റ് സുരക്ഷാ ഉപകരണങ്ങൾ എന്നിവ സേനാംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്ന കാര്യത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം പൊതുവേ തൃപ്തികരമാണ്. പഞ്ചായത്ത് പ്ലാസ്റ്റിക് ബൈലോ അംഗീകരിച്ചിട്ടുണ്ട്.

ക്ലീൻ കേരള കമ്പനിയാണ് റിജക്റ്റഡ് വേസ്റ്റ് കൊണ്ടുപോകുന്നത്. ഇതിനായി പദ്ധതി വർഷം 439904/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഹരിത കർമ്മസേനയുടെ മിനട്സ് ബുക്ക് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ വീടുകളിൽ നിന്നും കടകളിൽ നിന്നുമായി ലഭിക്കേണ്ട യൂസർ ഫീ പിരിച്ചെടുക്കുന്നതിൽ വീഴ്ചയുള്ളതായി കാണുന്നു. നിലവിൽ 65 ശതമാനം തുക മാത്രമേ പിരിച്ചെടുക്കാൻ കഴിയുന്നുള്ളൂ എന്നത് ഗൗരവമായി കാണേണ്ടതാണ്. പഞ്ചായത്തിൽ 4596 വീടുകളിൽ നിന്നും 955 കടകളിൽ നിന്നും യൂസർ ഫീ പിരിക്കേണ്ടതായുണ്ട്. എന്നാൽ ഇതിൽ നിന്ന് മുഴുവൻ ഫീ ലഭിക്കുന്നില്ലെന്ന് ഹരിത കർമ്മസേന ഭാരവാഹികൾ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ഹരിത കർമ്മസേനയ്ക്ക് നൽകാത്തവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിലെ വീഴ്ചയാണ് ഇതിന് കാരണമാകുന്നത്. യൂസർ ഫീ ഇനത്തിലെ മുഴുവൻ തുകയും പിരിച്ചെടുക്കുകയും, വേർതിരിച്ച് കയറ്റിയയ്ക്കുന്ന പ്ലാസ്റ്റിക്, പ്ലാസ്റ്റിക് ബോട്ടിൽ എന്നിവയുടെ തുകയും ലഭിക്കുന്നപക്ഷം ഈ ഇനത്തിൽ പഞ്ചായത്തു ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നത് ഒഴിവാക്കാൻ കഴിയും. ഇവിടെ എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തമാണെന്ന ബോധ്യത്തോടെ പ്രവർത്തിക്കാൻ കഴിയേണ്ടതുണ്ട്. യൂസർ ഫീ ഇനത്തിലെ മുഴുവൻ തുകയും പിരിച്ചെടുത്ത് ഹരിത കർമ്മസേനയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/22-23/20/10/23) മറുപടി നൽകിയിട്ടില്ല. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പഞ്ചായത്തുഫണ്ട് ചെലവഴിക്കുന്നത് കുറച്ചു കൊണ്ടു വരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-20 റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് വിശദാംശങ്ങൾ ലഭ്യമല്ല

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ന് നടന്ന യോഗത്തിലെ 4.11 നമ്പർ തീരുമാന പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് തയ്യാറാക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി Kerala State Remote Sensing And Enviornment Centre തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റെയും R-Track Mobile Application ന്റെയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കിയത് . പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| പ്രോജക്റ്റ് നം. | 117/23 |
| അടങ്കൽ | 39000/- |
| ഫണ്ട് | തനത് ഫണ്ട് |
| ചെലവ് | 21170/- |
| ബിൽനം. തി. | 07/22/21.12.22 |

ഗ്രാമ പഞ്ചായത്തിലെ റോഡുകളുടെ സർവ്വേ നടത്തുന്നതിനാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. ഇതിനായി സർവ്വേ നടത്തിയ ആൾക്ക് ദിവസത്തേക്ക് 730/- രൂപ നിരക്കിൽ 29 ദിവസത്തെ വേതനം നൽകിയിട്ടുണ്ട്. ഇതിന്റെ മസ്റ്റർ റോൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ഭാഗമായി തയ്യാറാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/23/20.10.23) മറുപടി നൽകിയിട്ടില്ല. മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 വാട്ടർടാങ്ക് വിതരണം(എസ്സ്.സി)-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ-39500/-(എസ്സ്.സി.പി-29625/- ഗു.വിഹിതം-9875/-)

ചെലവ്-39500/(BRN-22170452006701196874/15-02-2023-29625/-

ഗുണഭോക്തൃ വിഹിതം-9875/-)

മേൽ പ്രോജക്ട് പ്രകാരം ഗ്രാമസഭ അംഗീകരിച്ച 10 ഗുണഭോക്താക്കൾക്ക് 500 ലിറ്ററിന്റെ വാട്ടർ ടാങ്ക് ഒന്നിന് 3950/- രൂപ നിരക്കിൽ വാങ്ങി നൽകുകയാണ് ചെയ്തത്(2962.5+987.5). സ.ഉ (കൈ)നം-115/2022/തസ്വഭവ തി.28.05.2022 ഖണ്ഡിക-6.6. ക്രമ നം-5 പ്രകാരം നിലവിൽ വാട്ടർ ടാങ്ക് ഉള്ളവർക്കും ഒരിക്കൽ ടാങ്ക് നൽകിയവർക്കും ഈ ആനുകൂല്യം നൽകാൻ പാടുള്ളതല്ല എന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ഇത്തരത്തിൽ മുൻപ് വാട്ടർ ടാങ്ക് നൽകിയോ എന്നും നിലവിൽ വാട്ടർ ടാങ്ക് ഉള്ളവരാണോ എന്നുമുള്ള വിവരങ്ങൾ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളിലെ അപാകതകൾ

പദ്ധതി വർഷം പഞ്ചായത്തിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ(CHC) |
| പ്രൊജക്ട് നം | 9/22-23 |
| അടങ്കൽ | 600000 |
| ചെലവ് | 572881 |

കിടപ്പിലായ രോഗികൾക്ക് പരിചരണം നൽകുന്നതിനായി ഗ്രാമ പഞ്ചായത്തിൽ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. രജിസ്റ്റർ ചെയ്ത 370 രോഗികളാണുള്ളത്. ഇതിൽ ഹോംകെയർ നൽകുന്നത് 200 രോഗികൾക്കാണ്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സ.ഉ(സാധാ) നം.553/2019/തസ്വഭവ.തി.07.03.2019 പ്രകാരം സർക്കാർ പരിഷ്കരിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും 2022-23 വർഷം യോഗം ചേർന്നത് 16.02.2023 ന് മാത്രമാണ്. രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കേണ്ടതുമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ട കമ്മിറ്റി യഥാസമയം യോഗം ചേരാതിരിക്കുന്നത് പാലിയേറ്റീവ് പ്രവർത്തനങ്ങൾ താളം തെറ്റുന്നതിന് കാരണമാകും.

പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികളുടെയും കുടുംബാംഗങ്ങളുടെയും ഒത്തുചേരൽ തദ്ദേശഭരണ

സ്ഥാപനം/സബ്സെന്റർ/വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്. ഇങ്ങനെയുള്ള ഒത്തുചേരലുകൾ രോഗികൾക്കും കുടുംബാംഗങ്ങൾക്കും അവർ അനുഭവിക്കുന്ന പ്രയാസങ്ങൾ പരസ്പരം പങ്കുവെക്കാനും ബുദ്ധിമുട്ടുകൾ തരണം ചെയ്യുവാൻ ആത്മവിശ്വാസം ലഭിക്കുവാനും ഉപകരിക്കും. എന്നാൽ പാലിയേറ്റീവ് പദ്ധതി തുടങ്ങിയതിന് ശേഷം ഇത്തരത്തിൽ ഒരു സംഗമം സംഘടിപ്പിക്കുന്നതിന് ശ്രമിച്ചിട്ടില്ല. രോഗികൾക്ക് തെറാപ്പി സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-23 പാടശേഖരസമിതിക്ക് പമ്പ്സെറ്റ് വിതരണം ചെയ്തതിലെ അപാകതകൾ

പ്രൊജക്റ്റ് നമ്പർ - 90/22-23

ചെലവ് - 33750 ( 292/29.03.23)

നിർവ്വഹണം - കൃഷി ഓഫീസർ

സ.ഉ (കൈ) നമ്പർ 115/2022/തസ്വഭവ തിയ്യതി 28/05/2022 ഖണ്ഡക 6 (1) 12 പ്രകാരം നെൽകൃഷി ജലസേചനത്തിന് സബ്മേഴ്സിബിൾ പമ്പ് 100% സബ്സിഡി നിരക്കിൽ പാടശേഖര സമിതിക്ക് നൽകാവുന്നതാണ്. വികസനഫണ്ട് ചെലവഴിച്ച്, കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് 33750 രൂപയ്ക്ക് താഴെ കാണിച്ചവിധം പമ്പ്സെറ്റും അനുബന്ധ ഉപകരണങ്ങളും നേരിട്ട് വാങ്ങി പാടശേഖരസമിതിക്ക് നൽകിയതായി കാണുന്നു.

| | |
|---|---|
| 1.5 HP പമ്പ് വില (CRI) | 10593 |
| അനുബന്ധ ഉപകരണങ്ങൾ | 10534 |
| ഫിറ്റിംഗ് ചാർജ് | 5750 |
| കടത്തുകൂലി | 1725 |
| SGST | 2574 |
| CGST | 2574 |
| ആകെ | 33750 |

പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ജി.ഒ (ആർ.ടി) നം.3299/2016/ തസ്വഭവ തീ.02.12.16പ്രകാരം സർക്കാർ/അർദ്ധ സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്ന് ടെണ്ടർ ക്വട്ടേഷൻ നടപടികൾ കൂടാതെ സാധന സാമഗ്രികൾ വാങ്ങുന്നതിന് നൽകിയിട്ടുള്ള സർക്കാർ അനുമതി, സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ പമ്പ്സെറ്റ് സി.ആർ.ഐ കമ്പനിയുടേതാണ്. ജി.ഒ(പി)നം.259/2010തസ്വഭവ തീ. 08.11.2010 പ്രൊക്യൂർമെന്റ് നടപടികൾ പ്രകാരം മേൽ പമ്പ്സെറ്റ് പൊതുമാർക്കറ്റിൽ നിന്ന് ക്വട്ടേഷൻ വിളിച്ച് വാങ്ങുന്നതിനു പകരം കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് നേരിട്ട് വാങ്ങുകയാണ് ചെയ്തത്.

2) സ.ഉ (കൈ) നമ്പർ 115/2022/തസ്വഭവ തിയ്യതി 28/05/2022 ഖണ്ഡിക 6 (1) 12 പ്രകാരം സബ്മേഴ്സിബിൾ പമ്പിനാണ് സബ്സിഡി നൽകാൻ അനുമതിയുള്ളത്. എന്നാൽ കടത്തുകൂലി, ഫിറ്റിംഗ് ചാർജ് എന്നീ ഇനങ്ങൾക്കും 100% സബ്സിഡി നൽകിയതായി കാണുന്നു.

3) കടത്ത്കൂലി, ഫിറ്റിംഗ് ചാർജ് എന്നീ ചെലവുകൾക്കും ജി.എസ്.ടി ഇനത്തിൽ 'കെയ്കോ' യ്ക്ക് തുക നൽകിയതായി കാണുന്നു.

മേൽപ്പറഞ്ഞ കാരണങ്ങളാൽ താഴെ കൊടുത്തിരിക്കുന്നതൊഴികെയുള്ള ചെലവുകൾ ഓഡിറ്റിൽ

അംഗീകരിക്കുന്നില്ല.

| | |
|---|---|
| 1.5 HP പമ്പ് വില (CRI) | 10593 |
| അനുബന്ധ ഉപകരണങ്ങൾ | 10534 |
| ആകെ | 21127 |
| ജി.എസ്.ടി 18% | 3803 |
| ആകെ | 24930 |

അധികം ചെലവഴിച്ച 8820 (33750 – 24930 ) രൂപ ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി വികസന ഫണ്ടിലടയ്ക്കേണ്ടതാണ്. മറ്റ് അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാടശേഖരസമിതിക്ക് പമ്പ്സെറ്റ് വിതരണം ചെയ്തതിലെ അപാകതകൾ

പ്രൊജക്ട് നമ്പർ - 90/22-23

ചെലവ് - 33750 ( 292/29.03.23)

നിർവ്വഹണം - കൃഷി ഓഫീസർ

സ.ഉ (കൈ) നമ്പർ 115/2022/തസ്വഭവ തിയ്യതി 28/05/2022 ഖണ്ഡക 6 (1) 12 പ്രകാരം നെൽകൃഷി ജലസേചനത്തിന് സബ്മേഴ്സിബിൾ പമ്പ് 100% സബ്സിഡി നിരക്കിൽ പാടശേഖര സമിതിക്ക് നൽകാവുന്നതാണ്. വികസനഫണ്ട് ചെലവഴിച്ച്, കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് 33750 രൂപയ്ക്ക് താഴെ കാണിച്ചവിധം പമ്പ്സെറ്റും അനുബന്ധ ഉപകരണങ്ങളും നേരിട്ട് വാങ്ങി പാടശേഖരസമിതിക്ക് നൽകിയതായി കാണുന്നു.

| | |
|---|---|
| 1.5 HP പമ്പ് വില (CRI) | 10593 |
| അനുബന്ധ ഉപകരണങ്ങൾ | 10534 |
| ഫിറ്റിംഗ് ചാർജ് | 5750 |
| കടത്തുകൂലി | 1725 |
| SGST | 2574 |
| CGST | 2574 |
| ആകെ | 33750 |

പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ജി.ഒ (ആർ.ടി) നം.3299/2016/ തസ്വഭവ തീ.02.12.16പ്രകാരം സർക്കാർ/അർദ്ധ സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്ന് ടെണ്ടർ ക്വട്ടേഷൻ നടപടികൾ കൂടാതെ സാധന സാമഗ്രികൾ

വാങ്ങുന്നതിന് നൽകിയിട്ടുള്ള സർക്കാർ അനുമതി, സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ പമ്പ്സെറ്റ് സി.ആർ.ഐ കമ്പനിയുടേതാണ്. ജി.ഒ(പി)നം.259/2010തസ്വഭവ തീ. 08.11.2010 പ്രൊക്യൂർമെന്റ് നടപടികൾ പ്രകാരം മേൽ പമ്പ്സെറ്റ് പൊതുമാർക്കറ്റിൽ നിന്ന് ക്വട്ടേഷൻ വിളിച്ച് വാങ്ങുന്നതിനു പകരം കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് നേരിട്ട് വാങ്ങുകയാണ് ചെയ്തത്.

2) സ.ഉ (കൈ) നമ്പർ 115/2022/തസ്വഭവ തിയ്യതി 28/05/2022 ഖണ്ഡിക 6 (1) 12 പ്രകാരം സബ്മേഴ്സിബിൾ പമ്പിനാണ് സബ്സിഡി നൽകാൻ അനുമതിയുള്ളത്. എന്നാൽ കടത്തുകൂലി, ഫിറ്റിംഗ് ചാർജ് എന്നീ ഇനങ്ങൾക്കും 100% സബ്സിഡി നൽകിയതായി കാണുന്നു.

3) കടത്ത്കൂലി, ഫിറ്റിംഗ് ചാർജ് എന്നീ ചെലവുകൾക്കും ജി.എസ്.ടി ഇനത്തിൽ 'കെയ്കോ' യ്ക്ക് തുക നൽകിയതായി കാണുന്നു.

മേൽപ്പറഞ്ഞ കാരണങ്ങളാൽ താഴെ കൊടുത്തിരിക്കുന്നതൊഴികെയുള്ള ചെലവുകൾ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| | |
|---|---|
| 1.5 HP പമ്പ് വില (CRI) | 10593 |
| അനുബന്ധ ഉപകരണങ്ങൾ | 10534 |
| ആകെ | 21127 |
| ജി.എസ്.ടി 18% | 3803 |
| ആകെ | 24930 |

അധികം ചെലവഴിച്ച 8820 (33750 – 24930 ) രൂപ ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി വികസന ഫണ്ടിലടയ്ക്കേണ്ടതാണ്. മറ്റ് അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 17-10-2023-18-10-2023 | ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 13333 | 140/22-23.അതി ദരിദ്രർക്കുള്ള മൈക്രോ പ്ലാൻ-മരുന്ന് | 13333 | 0 |

| | | | | | |
|---|---|---|---|---|---|
| | | | -ഉപകരണങ്ങൾ വാങ്ങൽ | | |
| | 2022-23 | 82110 | 9/22-23.പെയിൻ&പാലിയേറ്റീവ് ഹോംകെയർ | 82110 | 0 |
| | 2022-23 | 170000 | 60/22-23.ലൈഫ് ഭവനപദ്ധതി | 170000 | 0 |
| | 2022-23 | 30000 | 126/22-23.അഗതി രഹിത കേരളം | 30000 | 0 |
| | 2022-23 | 413865 | 53/22-23.ഭിന്നശേഷി സ്കോളർഷിപ്പ് | 413865 | 0 |
| | 2022-23 | 139190 | 4/22-23ആനോറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നവീകരണം | 139190 | 0 |
| | 2022-23 | 900000 | 112/22-23കമ്മ്യൂണിറ്റി ഹാൾ ടോയ് ലറ്റ് | 900000 | 0 |
| | 2022-23 | 204239 | 6/22-23.മധുകുന്ന് പുന്നച്ചിറ കുടിവെള്ള പദ്ധതി | 204239 | 0 |
| | 2022-23 | 150000 | 78/22-23.ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 400000 | 60/22-23.ലൈഫ് ഭവനപദ്ധതി | 400000 | 0 |
| | 2022-23 | 50000 | 62/22-23.ലൈഫ് ഭവനപദ്ധതി-എസ്സ്.സി | 50000 | 0 |
| | 2022-23 | 150860 | 53/22-23.ഭിന്നശേഷി സ്കോളർഷിപ്പ് | 150860 | 0 |
| | 2022-23 | 726468 | 150/22-23.ബഡ്സ് സ്കൂൾ കെട്ടിടം ഒന്നാം നില നിർമ്മാണം | 726468 | 0 |
| | 2022-23 | 39350 | 79/22-23.കാലിത്തീറ്റ സബ്സിഡി | 39350 | 0 |

പ്രോജക്ട് നമ്പർ 140/22-23 അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ മരുന്ന് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിൽ 13333/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ തുക അഗതി ആശ്രയ ഫണ്ടിനാണ് 22-23 വർഷം അക്കൗണ്ട് ചെയ്തിരിക്കുന്നത്. (Account Code 251150303) ഐ.കെ.എം പത്രികയിൽ മേൽ തുക ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഐ.കെ.എം ചെലവ് പത്രികയിലും 22-23 വാർഷിക കണക്കിലും ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിൽ 13333/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല -

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 68/2018.ത.സ്വ.ഭ.വ തീയതി- 18/08/2018 | 0 | 9767999 | 1150781 | | 8617218 |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 17977232 |
| തൻവർഷം നിക്ഷേപിച്ച തുക | 1284321 |
| ആകെ | 19261553 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 19261553 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് | 1.09.2022 | 1 | 6583680 |
| 2 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് | 14.11.2022 | 1 | 1181769 |
| 3 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് | 30.11.2022 | 1 | 2193420 |
| 4 | കക്കട്ടിൽ കോ-ഓപ്പറേ | 06.03.2023 | 1 | 6923232 |

| | | | | |
|---|---|---|---|---|
| | റ്റീവ് ബാങ്ക് -കക്കട്ടിൽ | | | |
| 5 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് ബാങ്ക് | 31.03,2023 | 1 | 2354452 |
| 6 | നാദാപുരം സഹകരണ ആശുപത്രി (ഷെയർ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല) | | | 25000 |
| ആകെ | | | | 19261553 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 6A | 2004-05 | 11.1.2.2 | ബജറ്റ് കോപ്പി, മിനുട്ട്സ് ബുക്ക് എന്നിവ ഹാജരാക്കിയില്ല | നില നിൽക്കുന്നു. |
| 2002-03 | 2-5 | 2005-06 | 3.79.2.4 | കെട്ടിടവാടക, ലേലത്തുകകൾ ഇവ യഥാസമയം പിരിച്ചെടുക്കുന്നില്ല | |

| | | | | | |
|---|---|---|---|---|---|
| 2002-03 | 3-3 | 2006-07 | 3.79.12.9 | കാർഷികോപകരണങ്ങൾ വിതരണം ചെയ്യതിലേയും പരിപാലനത്തിലേയും അപാകതകൾ. (പൊതു പരാമർശം) | നില നിൽക്കുന്നു. |
| 2002-03 | 3-4 | 2006-07 | 3.79.14 | വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കൽ – പൂർത്തിയായില്ല – ചെലവഴിച്ച പണം പാഴ്ച്ചെലവായി മാറുന്നു. (പൊതു പരാമർശം) | നിലനിൽക്കുന്നു. |
| -- | -- | 2014-15 | 4.3.2 | 60 വയസ്സ് പൂർത്തിയാകാത്തവർക്കും പെൻഷൻ | നിലനിൽക്കുന്നു. |
| -- | -- | 2014-15 | 4.3.2.7 | അന്വേഷണ റിപ്പോർട്ട് ഇല്ലാതെ പെൻഷൻ നല്കി | നിലനിൽക്കുന്നു. |
| -- | -- | 2014-15 | 4.3.2.16 | പെൻഷൻ മണിയോർഡർ തിരിച്ചടവ് | നിലനിൽക്കുന്നു. |
| 2014-15 | 2-7 | 2016-17 | 1 അനുബന്ധം 3 | വസ്തു നികുതി അപാകതകൾ | നിലനിൽക്കുന്നു. |
| 2014-15 | 2-8 | 2016-17 | 1 അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2017-18 | 2-1 | 2018-19 | | ആഭ്യന്തര നിയന്ത്രണ സംവിധാനം – പോരായ്മകൾ | |
| 2019-20 | 1-7-1 | 2020-21 | അനുബന്ധം 1-1 | പെൻഷൻ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 28, 37(3), 50(1) 52(12)1, 61 | പി പി ബാലകൃഷ്ണൻ ജൂനിയർ സൂപ്രണ്ട് കെ.സി. വിലാസിനി, ജൂനിയർ സൂപ്രണ്ട് | LF 22273 Spl. Cell/ Sc4/ 2000 Dtd 11.10.02 | 4989/- 6563/- | | | | | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 34358284 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 31561457 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8820 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 129953 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8820/- | ശ്രീമതി. ആർദ്ര എസ് രഘുനാഥ് കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 72595 | ശ്രീ.മഹേഷ് കെ.കെ ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-11 | 57358 | ശ്രീമതി.രാജശ്രീ സി.എച്ച് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സ ത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ആർദ്ര | കൃഷി ഓഫീസർ, | പുൽപേൽ(വീട്), |

| | | |
|---|---|---|
| എസ് രഘുനാഥ് കൃഷി ഓഫീസർ | കുന്നമ്മൽ ഗ്രാമപഞ്ചായത്ത് | ചെറികോൽ പി.ഒ, കണ്ണൂർ,670631 |
| ശ്രീ.മഹേഷ് കെ.കെ ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് | കാഞ്ഞിരത്തിൻ കീഴിൽ(വീട്), ചോമ്പാല,673308 |
| ശ്രീമതി.രാജശ്രീ സി.എച്ച് സെക്രട്ടറി | സെക്രട്ടറി, നരിപ്പറ്റ ഗ്രാമപഞ്ചായത്ത് | നിയതം, പീറ്റക്കണ്ടിയിൽ, ളുണേരി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2006-07 | കെ.എസ്.എ.കെ.കെ.ഡിപി4/1482 /2021(2)തീയതി 29.04.2023 | 1 | 3-5എ |
| 2007-08 | കെ.എസ്.എ.കെ.കെ.ഡിപി4/1482 /2021(3)തീയതി 29.04.2023 | 2 | 3-3,3-4 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡിപി4/1482 /2021(5)തീയതി 29.04.2023 | 5 | 2-2,3-1, 3-2,3-5, 3-8, |
| 2010-11, 2011-12 | കെ.എസ്.എ.കെ.കെ.ഡിപി4/1482 /2021(6)തീയതി 29.04.2023 | 2 | 3-14,3-19, |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡിപി4/1482 /2021(8)തീയതി 29.04.2023 | 6 | 2-3, 2-4, 2-5, 2-7, 2-8,3-6 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡിപി4/1482/ 2021(9)തീയതി 29.04.2023 | 1 | 3-10 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡിപി4/1482/ 2021(11)തീയതി 29.04.2023 | 14 | 2-1 (1 To 11), 2-3(1), 2-3(3),2-6 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡിപി4/1482/ 2021(12)തീയതി 29.04.2023 | | 1-7,1-5,1-8,1-12, 1-14, 1-15, 3-1,2-1 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./പി4/ 1003/2021തിയതി-17-11-2021 | 15 | 1-2-1,1-4-1,1-7-1, 1-9,1-10,1-11, 1-13,1-14,1-15,1-16, 1-19,1-23,2-1, 2-2,3-1, |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി./പി4/ 766/2023 തിയതി-27.05.2023 | 14 | 1-1, 1-2-1, 1-4-1, 1-5, 1-9, 1-10, 1-16, 1-19, 1-21, 1-23 , 1-24, 1-27, 1-28, 1-29 |

| | | | |
|---|---|---|---|
| 2021-22 | കെ.എസ്.എ.കെ.കെ.ഡി./പി4/ 142/2022തിയതി-14.2.2023 | 30 | 1-1 മുതൽ 1-26 വരെ, 2-1, 3-1, 3-2. 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number PR No. 3(1)/2023 dated 26-06-2023 and submitted on 04-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kunnummal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kunnummal Grama Panchayat for the year 2022-2023

Date: 20/11/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Kunnummal Grama Panchayat for the Year 2022-2023.

**1.Major Observations**

nil

**2.Other Observations**

1-The following mandatory financial statements prescribed in accounting rules are not submitted for audit

eg-Ratios
2.Cashflow statement-Net increase/decrease in cashflow does not match with the difference between the opening balance and and closing balance of cash and cash equivalence
3.E-tender fee not accounted
4.Lapses in making timely and accurate demand entries

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്